പ്രതികരണം

ഹൈദറലി ശാന്തപുരം

# ഇഖ്‌വാനും ജമാൽ അബ്ദുന്നാസിറും

**2009** സെപ്റ്റംബർ 5-ലെ *പ്രബോധന*ത്തിൽ 'ഇഖ്‌വാനും ജമാൽ അബ്ദുന്നാസിറും' എന്ന ശീർഷകത്തിൽ വന്ന ചോദ്യോത്തരമാണ് ഈ പ്രതികരണമെഴുതാൻ പ്രചോദനം. ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രസ്ഥാനത്തിന്റെ നേതാക്കളെ വധിക്കുകയും തുറുങ്കിലടക്കുകയും ചെയ്ത അറബ് ദേശീയ വാദിയായ ജമാൽ അബ്ദുന്നാസിർ എങ്ങനെയാണ് ഇഖ്‌വാനിൽ അംഗമായത് എന്ന ചോദ്യത്തിന് 'പട്ടാളത്തിൽ കേണലായിരിക്കെ ഇഖ്‌വാനിൽ അദ്ദേഹം അംഗമായിരിക്കാൻ സാധ്യത കുറവാണ്' എന്ന മറുപടിയാണ് മുജീബ് നൽകിയത്.

ഇഖ്‌വാനും ജമാൽ അബ്ദുന്നാസിറും തമ്മിലുള്ള ബന്ധത്തിന്റെ വിശദാംശങ്ങൾ മലയാളത്തിൽ അധികമൊന്നും വന്നിട്ടില്ലെങ്കിലും അറബിയിൽ തദ്വിഷയകമായി ധാരാളം രചനകളുണ്ട്. അബ്ദുൽ മുൻഇം അബ്ദുർറഊഫിന്റെ മുദക്കിറാത്ത്, ഹുസൈൻ ഹമൂദയുടെ അസ്റാറു ഹറകത്തിദ്ദുബ്ബാതിൽ അഹ്റാരി വൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ, സ്വലാഹ് ശാദിയുടെ സ്വഫ്ഹാതുൻ മിനത്താരീഖ്, മഹ്മൂദ് അബ്ദുൽ ഹലീമിന്റെ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ മുതലായ ഗ്രന്ഥങ്ങളെ അവലംബമാക്കി ഡോ. സ്വലാഹ് അബ്ദുൽ ഫത്താഹ് ഖാലിദ് തന്റെ *സയ്യിദ് ഖുത്വുബ് മിനൽ മീലാദി ഇലൽ ഇസ്തിശ്ഹാദ്* (സയ്യിദ് ഖുത്വുബ്: ജനനം മുതൽ രക്തസാക്ഷ്യം വരെ) എന്ന ബ്രഹദ്ഗ്രന്ഥത്തിൽ ഈ വിഷയം സവിസ്തരം ചർച്ച ചെയ്യുന്നുണ്ട്. അതിൽനിന്നുള്ള ചില വിവരണങ്ങളാണ് ചുവടെ:


അബ്ദുൽ മുൻഇം


ഹുദൈബി

ഇമാം ഹസനുൽബന്ന ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ കേന്ദ്രത്തിൽ നടത്താറുണ്ടായിരുന്ന 'ചൊവ്വാഴ്ച ക്ലാസി'ൽ ജമാൽ അബ്ദുന്നാസിർ അടക്കമുള്ള പട്ടാള ഓഫീസർമാർ സംബന്ധിക്കാറുണ്ടായിരുന്നു. 1942 ഒക്ടോബറിൽ അബ്ദു

ന്നാസിറിനൊപ്പം ക്ലാസിൽ പങ്കെടുത്ത വിവരം അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ അ ബ്ദുൽ മുൻഇം അബ്ദുർറഊഫ് തന്റെ ഓർമക്കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അബ്ദുന്നാസിർ ഇഖ്‌വാന്റെ 'ഉസ്റ' (യൂനിറ്റ്) യിൽ അംഗമായിരുന്നു. 1944 ലാണ് പട്ടാള ഓഫീസർമാർ മാത്രമടങ്ങിയ ഉസ്റകൾ നിലവിൽ വന്നത്. അതിലെ ആദ്യ ഉസ്റയിൽ തന്നെ അബ്ദുന്നാസിർ അംഗമായിരുന്നു. മഹ്മൂദ് ലബീബിന്റെ നേതൃത്വത്തിൽ രൂപവൽകൃതമായ ഉസ്റയിൽ അബ്ദുന്നാസിറിനെ കൂടാതെ ഇഖ്‌വാനികളായ അബ്ദുൽ മുൻഇം അബ്ദുർറഊഫ്, കമാലുദ്ദീൻ ഹുസൈൻ, ഹുസൈൻ അഹ്മദ് ഹമൂദ, സഅ്ദ് തൗഫീഖ്, സ്വലാഹ് ഖലീഫ, ഖാലിദ് മുഹ്‌യിദ്ദീൻ എന്നീ പട്ടാള ഓഫീസർമാരായിരുന്നു അംഗങ്ങൾ.

തുടർന്ന് പട്ടാള ഓഫീസർമാരടങ്ങിയ വേറെയും ഉസ്റകൾ നിലവിൽവന്നു. തൻളീമു ഇഖ്‌വാനിദ്ദുബ്ബാത്വ് (ഇഖ്‌വാൻ ഓഫീസേഴ്സ് ക്ലബ്) എന്നായിരുന്നു പ്രസ്തുത ഉസ്റകൾക്ക് നൽകപ്പെട്ട പേര്.

അബ്ദുന്നാസിർ അംഗമായ ഉസ്റ കൂടുതൽ ശക്തമായിരുന്നു. ഇഖ്‌വാനിലെ അബ്ദുർറഹ്മാൻ സിന്ദിയുടെ നേതൃത്വത്തിലുള്ള രഹസ്യവിഭാഗവുമായിട്ടായിരുന്നു അവരുടെ ബന്ധം. അവർ പലപ്പോഴും യോഗം ചേരാറുണ്ടായിരുന്നു. 1949 ഫെബ്രുവരി 12-ന് ഇമാം ഹസനുൽബന്ന ഫാറൂഖ് രാജാവിന്റെ കിങ്കരന്മാരാൽ അതിദാരുണമായി കൊലചെയ്യപ്പെട്ടതിനുശേഷം ചേർന്ന യോഗത്തിൽ ബന്നായുടെ കൊലപാതകത്തിന് പ്രതികാരം ചെയ്യണമെന്ന് തീരുമാനമെടുത്തു.

അധികം താമസിയാതെ ജമാൽ അബ്ദുന്നാസിറിന്റെ ജീവിതത്തിലും നയനിലപാടുകളിലും സാരമായ വഴിത്തിരിവ് സൃഷ്ടിച്ച ഒരു സംഭവമുണ്ടായി. 1949 മെയ് മാസത്തിൽ അദ്ദേഹത്തിന് ഇഖ്‌വാനുൽ മുസ്‌ലിമൂനുമായി ബന്ധമുണ്ടെന്ന ആരോപണത്തെ സംബന്ധിച്ച് അന്വേഷിക്കാൻ പ്രധാനമന്ത്രിയുടെ ഓഫീസിലേക്ക് വിളിപ്പിച്ചു. അബ്ദുന്നാസിർ ആരോപണം നിഷേധിക്കുകയാണ് ചെയ്തത്.

അബ്ദുന്നാസിറിനെക്കുറിച്ച് അന്വേഷണം നടക്കുന്ന പശ്ചാത്തലത്തിൽ തൻളീമു ഇഖ്‌വാനിദ്ദുബ്ബാത്വ് എന്ന പേര് തൻളീമു ദുബ്ബാത്വിൽ അഹ്റാർ (ഫ്രീ ഓഫീസേഴ്സ് ക്ലബ്) എന്നാക്കി മാറ്റണമെന്ന നിർദേശം മഹ്മൂദ് ലബീബ് സമർപ്പിച്ചു. രാജാവിനും ബ്രിട്ടീഷുകാർക്കും ഇതര സംഘടനകൾക്കും അനിഷ്ടകരമായ ഇഖ്‌വാന്റെ പേര് ഒഴിവാക്കലായിരുന്നു ലക്ഷ്യം. അത് അംഗീകരിക്കപ്പെട്ടു. അങ്ങനെയായിരുന്നു ഫ്രീ ഓഫീസേഴ്സ് ക്ലബിന്റെ തുടക്കം.

1949 സെപ്റ്റംബറിൽ ഫ്രീ ഓഫീസേഴ്സ് ക്ലബിലെ രണ്ട് പ്രമുഖ അംഗങ്ങളായ അബ്ദുൽ മുൻഇം അബ്ദുർറഊഫിനും ജമാൽ അബ്ദുന്നാസിറിനുമിടയിൽ അതിരൂക്ഷമായ അഭിപ്രായഭിന്നത ഉടലെടുത്തു. രാജഭരണത്തിന് അറുതി വരുത്താൻ വിപ്ലവം ത്വരിതപ്പെടുത്തണമെന്നും അതിന് ഫ്രീ ഓഫീസേഴ്സ് ക്ലബ് ഇഖ്‌വാനുമായുള്ള ബന്ധമോ ഇസ്‌ലാമിക ധാർമിക നിഷ്ഠയോ ഉപാധിയാക്കാതെ മിലിട്ടറി ഓഫീസർമാർക്കു മുമ്പിൽ മലർക്കെ തുറന്നിടണമെന്നും അബ്ദുന്നാസിർ ശക്തിയായി വാദിച്ചു. നേരെ വിരുദ്ധമായിരുന്നു അബ്ദുൽ മുൻഇമിന്റെ നിലപാട്. ഇഖ്‌വാനുമായുള്ള അനുസരണ പ്രതിജ്ഞയിൽ ഉറച്ചു നിന്ന് സംഘടനാ നേതൃത്വത്തിന്റെ നിർദേശങ്ങൾ യഥാവിധി പാലിക്കുകയും ക്ലബിലെ അംഗത്വം ഇഖ്‌വാൻ ഓഫീസർമാരിൽ പരിമിതപ്പെടുത്തുകയും ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായം.

അബ്ദുൽ മുൻഇം, തനിക്കും അബ്ദുന്നാസിറിനുമിടയിൽ ഉടലെടുത്ത അഭിപ്രായ ഭിന്നതയെ സംബന്ധിച്ച് തന്റെ നേതാവ് മഹ്മൂദ് ലബീബിനെ അറിയിച്ചു. അധികം താമസിയാതെ മഹ്മൂദ് ലബീബ് തളർവാതം പിടിപെട്ട് കിടപ്പിലായി.

അദ്ദേഹം ആസന്നമരണനായി കിടക്കുമ്പോൾ അബ്ദുൽ മുൻഇമിന് ജോലിയാവശ്യാർഥം സീനായിലേക്ക് പോവേണ്ടി വന്നു. ധീരമുജാഹിദായിരുന്ന മഹ്മൂദ് ലബീബ് 1950ൽ നിര്യാതനായി. മരണവേളയിൽ തന്റെ കൈവശമുണ്ടായിരുന്ന ഇഖ്‌വാനീ മിലിട്ടറി ഓഫീസർമാരുടെ പൂർണ ലിസ്റ്റും സംഘടനാ രഹസ്യങ്ങളും ഫണ്ടും അബ്ദുന്നാസിറിനെയാണ് അദ്ദേഹം ഏൽപിച്ചത്. അബ്ദുന്നാസിർ തന്നോട് ഇക്കാര്യം സമ്മതിച്ചതായി ഹുസൈൻ ഹമൂദ് തന്റെ അസ്റാറു ഹറകത്തി ദുബ്ബാത്വിൽ അഹ്റാർ വൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ (ഫ്രീ ഓഫീസേഴ്സ് പ്രസ്ഥാന രഹസ്യങ്ങളും ഇഖ്‌വാനുൽ മുസ്‌ലിമൂനും) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.



കമാലുദ്ദീൻ ഹുസൈൻ



മഹ്മൂദ് ലബീബ്

1950-ന് ശേഷം അബ്ദുന്നാസിർ ഫ്രീ ഓഫീസേഴ്സ് ക്ലബിന്റെ ഇഖ്‌വാനുമായുള്ള ബന്ധം വിഛേദിച്ചു. ഇഖ്‌വാൻകാരല്ലാത്ത, ഇസ്‌ലാമിക ധാർമിക നിഷ്ഠ പുലർത്താത്തവരെയും ക്ലബിൽ അംഗങ്ങളാക്കി. അബ്ദുൽ ഹകീം ആമിർ, സകരിയ്യാ മുഹ്‌യിദ്ദീൻ, സ്വലാഹ് സാലിം, ജമാൽ സാലിം തുടങ്ങിയവർ അങ്ങനെയാണ് അംഗങ്ങളായത്.

1952ൽ ഈജിപ്തിൽ വിപ്ലവം നടത്തിയ ഫ്രീ ഓഫീസേഴ്സ് ക്ലബ് അടിസ്ഥാനപരമായി ഒരു ഇഖ്‌വാനീ സംഘടനയാണെന്നും 1946ൽ സ്ഥാപിതമായതു മുതൽ 1950 ൽ അബ്ദുന്നാസിർ ഇഖ്‌വാനുമായുള്ള ബന്ധം മുറിച്ചുകളയുന്നതുവരെ - അഞ്ച് വർഷം- പൂർണ ഇഖ്‌വാനീ സംഘടനയായിട്ടാണ് പ്രവർത്തിച്ചതെന്നും ഈ ലഘു വിവരണത്തിൽനിന്ന് ഗ്രഹിക്കാം.

ക്ലബിന് ഇഖ്‌വാനുമായുള്ള ബന്ധം അബ്ദുന്നാസിർ മുറിച്ചു കളഞ്ഞ ശേഷവും കമാലുദ്ദീൻ ഹുസൈൻ, ഹുസൈൻ ഹമൂദ, സ്വലാഹ് ഖലീഫ തുടങ്ങിയ സജീവ ഇഖ്‌വാൻ പ്രവർത്തകരായ പട്ടാള ഓഫീസർമാർ ക്ലബിൽ അംഗങ്ങളായിരുന്നു.

വിപ്ലവത്തിനു തൊട്ടു മുമ്പുവരെ അബ്ദുന്നാസിർ ഇഖ്‌വാൻ നേതൃത്വവുമായുള്ള ബന്ധം നിലനിർത്തുകയും താനിപ്പോഴും ഇഖ്‌വാനോട് കൂറു പുലർത്തുന്നവനാണെന്ന് അവകാശപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ഓഫീസേഴ്സ് ക്ലബിൽ ഇഖ്‌വാൻകാരല്ലാത്തവരെ ചേർത്തതുകൊണ്ട് താൻ ഇഖ്‌വാനുമായുള്ള ബന്ധം വിഛേദിച്ചുവെന്നോ അംഗത്വത്തിൽനിന്ന് ഒഴിവായെന്നോ അർഥമില്ലെന്ന് സ്ഥാപിക്കാനും അദ്ദേഹം ശ്രമിച്ചു.

1952 ജൂലൈ 23-ന് ഇഖ്‌വാൻ നേതൃത്വത്തിന്റെ അറിവോടും സഹകരണത്തോടും കൂടി രാജഭരണത്തിനെതിരെ വിപ്ലവം അരങ്ങേറി. 1952 ജൂലൈ 30-ന് അബ്ദുന്നാസിറും ഇഖ്‌വാൻ കാര്യദർശി ഹസനുൽ ഹുദൈബിയും തമ്മിൽ കൂടിക്കാഴ്ച നടന്നു. വിപ്ലവത്തിനു മുമ്പ് ഇഖ്‌വാന്റെ ഭാഗത്തുനിന്ന് അബ്ദുന്നാസിറുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്ന അഞ്ചംഗ സമിതിയുടെ സാന്നിധ്യത്തിലായിരുന്നു കൂടിക്കാഴ്ച. വിപ്ലവാനന്തര ഭരണകൂടത്തിന്റെ സ്വഭാവത്തെക്കുറിച്ചും ഇഖ്‌വാൻ ഭാവിയിൽ അതുമായി സഹകരിച്ചു പ്രവർത്തിക്കാനുള്ള ഉപാധികളെക്കുറിച്ചുമെല്ലാം അബ്ദുന്നാസിറും സമിതിയും തമ്മിൽ ചില ധാരണകളിലെത്തിയിരുന്നു. എന്നാൽ

ഇമാം ഹുദൈബിയുടെ മുമ്പിൽവെച്ച് അത് മുച്ചൂടും നിഷേധിക്കുകയാണ് അബ്ദുന്നാസിർ ചെയ്തത്. ഫലശൂന്യമായ പ്രസ്തുത കൂടിക്കാഴ്ചക്കു ശേഷം ഹുദൈബി സഹപ്രവർത്തകരോട് പറഞ്ഞു: "ഈ മനുഷ്യനിൽ ഒരു ഗുണവുമില്ല. ഇയാളെ സൂക്ഷിക്കണം."

അനന്തരം ഇഖ്‌വാനും അബ്ദുന്നാസിറിനുമിടയിലെ അഭിപ്രായ ഭിന്നത കൂടുതൽ രൂക്ഷമായി. ഇഖ്‌വാനെ ഉന്മൂലനം ചെയ്യാനും ഇഖ്‌വാൻ നേതാക്കളെയും പ്രവർത്തകരെയും അപായപ്പെടുത്താനും അബ്ദുന്നാസിർ ഉപജാപങ്ങൾ നടത്തുകയും കള്ളക്കഥകൾ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെയാണ് ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ പ്രവർത്തകനായ അബ്ദുന്നാസിർ ഇഖ്‌വാൻ നേതാക്കളുടെ ആരാച്ചാരായി മാറിയത്.

## അബ്ദുന്നാസിറും സയ്യിദ് ഖുത്വുബും

വിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ അബ്ദുന്നാസിർ സയ്യിദ് ഖുത്വുബിനോട് അനൽപമായ ബഹുമാനാദരവുകൾ പ്രകടിപ്പിച്ചിരുന്നു. വിപ്ലവം നടന്ന് ഒരു മാസത്തിനു ശേഷം, 1952 ആഗസ്റ്റിൽ സയ്യിദ് ഖുത്വുബിന്റെ ബഹുമാനാർഥം ഓഫീസേഴ്സ് ക്ലബിൽ ഒരു വമ്പിച്ച പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ നടത്തിയ പ്രഭാഷണത്തിൽ വിപ്ലവത്തെക്കുറിച്ച് സയ്യിദ് ഖുത്വുബ് പറഞ്ഞു: "വിപ്ലവം ശരിക്കും തുടങ്ങിക്കഴിഞ്ഞു. പക്ഷേ, നമുക്കതിനെ വാഴ്ത്തിപ്പറയാറായിട്ടില്ല. കാരണം അത് ഇതുവരെ പ്രസ്താവ്യമായ ഒന്നും ചെയ്തിട്ടില്ല. രാജഭരണം അവസാനിപ്പിക്കുക എന്നതല്ല വിപ്ലവലക്ഷ്യം; രാജ്യത്തെ ഇസ്‌ലാമിലേക്ക് തിരിച്ചു കൊണ്ടുവരിക എന്നതാണ്."

അദ്ദേഹം തുടർന്നു: "രാജഭരണകാലത്ത് ഞാൻ ഓരോ നിമിഷവും ജയിലിൽ പോകാൻ മാനസികമായി സന്നദ്ധനായിരിക്കുകയായിരുന്നു. ഈ കാലത്തും എനിക്ക് സുരക്ഷ തോന്നുന്നില്ല. മുമ്പെന്നെത്തേക്കാളുമധികം ഇപ്പോഴും ജയിലിൽ പോകാനും അതിലുപരിയായതിനും ഞാനീ ഘട്ടത്തിൽ മനസാ ഒരുങ്ങിയിരിക്കുകയാണ്."

ഇതുകേട്ട് അബ്ദുന്നാസിർ ചാടിയെഴുന്നേറ്റ് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "എന്റെ ജ്യേഷ്ഠ സഹോദരനായ സയ്യിദ്! അല്ലാഹുവെ പിടിച്ച് ഞാൻ സത്യം ചെയ്തു പറയുന്നു: ഞങ്ങളുടെ മൃതശരീരങ്ങൾക്കു മുകളിലൂടെയല്ലാതെ അവർക്ക് താങ്കൾക്കരികെയെത്താൻ സാധ്യമാവില്ല. അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ താങ്കളോട് പ്രതിജ്ഞ ചെയ്യുന്നു, അല്ല ഞങ്ങൾ പ്രതിജ്ഞ പുതുക്കുന്നു, താങ്കൾക്കു വേണ്ടി ഞങ്ങളെത്തന്നെ ബലിയർപ്പിക്കാൻ ഞങ്ങൾ സന്നദ്ധരാണ്."

"സയ്യിദ് ഖുത്വുബ് നീണാൾ വാഴട്ടെ" എന്ന ഹർഷാരവത്തോടെ സദസ്യരൊന്നായി കരഘോഷം മുഴക്കിക്കൊണ്ടിരുന്നു. സമ്മേളനശേഷം സയ്യിദ് ഖുത്വുബിനെ യാത്രയാക്കാൻ മുന്നിലുണ്ടായിരുന്നത് അബ്ദുന്നാസിറാണ്. (പരിപാടിയിൽ പങ്കെടുത്ത സയ്യിദ് ഖുത്വുബിന്റെ ആത്മ സുഹൃത്തും സുഊദി അറേബ്യയിലെ പ്രമുഖ എഴുത്തുകാരനുമായിരുന്ന അഹ്മദ് അബ്ദുൽ ഗഫൂർ അൽ അത്ത്വാർ തന്റെ *കലിമത്തുൽ ഹഖ്* മാസികയുടെ 1967 മെയ് ലക്കത്തിൽ പ്രസ്തുത പരിപാടിയുടെ വിശദമായ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

വിധി വൈപരീത്യമെന്നു പറയട്ടെ, അതേ ജമാൽ അബ്ദുന്നാസിറാണ് പതിന്നാലു വർഷങ്ങൾക്കു ശേഷം, ഖുർആന്റെ തണലിൽ ജീവിച്ച ധീരമുജാഹിദായ സയ്യിദ് ഖുത്വുബിനെയും സഹപ്രവർത്തകരെയും കഴുമരത്തിലേറ്റിയത്! ■